


# അന്ധവിശ്വാസങ്ങളിൽ തകരുന്ന ജീവിതങ്ങൾ

സുലൈഖ അബ്ദുൽ അസീസ്

സ്നേഹവും കാരുണ്യവും പരിഗണനയും ഒക്കെ ഒത്തു ചേർന്ന മനുഷ്യൻ... മനനം ചെയ്യുന്ന, ചിന്തിക്കുന്ന മനുഷ്യൻ... ഈ ഭൂമിയെ സുരഭിലമാക്കിക്കൊണ്ട് ജീവിക്കേണ്ടവനാണവൻ.. ഇണയും തുണയുമായി, പ്രേമാർദ്രമായ, ഇഴപിരിയാത്ത ദാമ്പത്യം... പരസ്പരം വസ്ത്രത്തോടുപമിച്ച സുന്ദരമായ കാവ്യഭാവന.

എന്നാൽ ഇന്ന് കാണുന്ന ബന്ധങ്ങളൊക്കെ ഇത്ര സുന്ദരമാണോ?

ഈയടുത്ത് മുന്നിൽ വന്ന രണ്ടു കേസുകളും അന്ധവിശ്വാസം കൊണ്ട് ജീവിതം തകർന്ന് വിഷാദരോഗം ബാധിച്ചവരുടേതായിരുന്നു. വിവരസാങ്കേതിക വിദ്യയുടെ അതിപ്രസരത്തിലും വിജ്ഞാന വിസ്ഫോടനത്തിന്റെ യുഗത്തിലും ഇത്തരം അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്നു എന്നത് കൗതുകകരമാണ്, ഒപ്പം സങ്കടകരവും.

മന്ത്രവാദികളും വ്യാജസിദ്ധന്മാരും നാടുവാഴുന്ന ഇക്കാലത്ത് ഉഴിഞ്ഞു കളയലും മുട്ടറുക്കലും മന്ത്രം ജപിച്ച് പലതും തകിടുകളിൽ എഴുതി വീടിനു പല ഭാഗത്തായി കുഴിച്ചിലും ജോറാണ്. പലതരം യക്ഷികളും ആത്മാക്കളും അലഞ്ഞുതിരിയുന്നു എന്നും ശരീരത്തിൽ ബാധയായി കയറുന്നുവെന്നുമൊക്കെ വിശ്വസിപ്പിച്ച് മനസ്സിൽ ഭയം നിറയ്ക്കുകയും അവസരം മുതലെടുത്ത് സിദ്ധന്മാർ തങ്ങളുടെ കീശവീർപ്പിക്കുകയും ചെയ്യുകയാണ്.

ഭാര്യയും ഭർത്താവും തമ്മിൽ പ്രശ്നമൊന്നുമില്ലെങ്കിലും ഭർത്താവിന്റെ രോഗം, സാമ്പത്തിക പ്രശ്നം എന്നിവയ്ക്കൊക്കെയുള്ള പരിഹാരം തേടി സിദ്ധന്മാരെ സമീപിക്കുകയായിരുന്നു ഭർത്താവിന്റെ ഉമ്മ. വിവാഹത്തിനു മുമ്പ് ഇത്തരം കാര്യങ്ങളെക്കുറിച്ച് കേട്ടിട്ടുപോലുമില്ലാതിരുന്ന ഒരു പെൺകുട്ടി മാനസികമായി തകരാൻ മറ്റെന്തു വേണം? സ്രഷ്ടാവായ പടച്ചതമ്പുരാനെ മാത്രം അനുസരിക്കാനും പേടിക്കാനും വണങ്ങാനും ശീലിച്ച ആ കുട്ടിക്ക് ഒരാഘാതമായി ഭർതൃവീട്ടിലെ ഇത്തരം അനാചാരങ്ങൾ. ആദ്യമൊക്കെ അവർക്കു മുന്നിൽ വഴങ്ങിക്കൊടുത്തെങ്കിലും പിന്നീട് ഇത്തരം തെറ്റുകളിലൂടെ തന്റെ നാഥനെ ധിക്കരിക്കുകയാണല്ലോ എന്ന് ഓർത്തപ്പോൾ അവളറിയാതെ പ്രതികരിച്ചുപോയി.

ഭർത്താവിനെ കുരുക്കുകളിൽനിന്ന് മോചിപ്പിക്കാൻ കഴിഞ്ഞുവെങ്കിലും ഭർതൃവീട്ടുകാരുടെ മനസിന് മാറ്റം വരുത്താനായില്ല. സഹികെട്ട് ഇന്നവൾ സ്വന്തം വീട്ടിലാണ്. ഡിപ്രഷനുള്ള മരുന്നുമായി ദിവസങ്ങൾ കഴിച്ചു കൂട്ടുന്നു. ഭർത്താവിന്റെ പിന്തുണ മാത്രമാണ് അവൾക്കാശ്വാസമാകുന്നത്.

എത്രയോ കുടുംബങ്ങൾ അന്ധവിശ്വാസങ്ങളുടെ പേരിൽ തകരുന്നതും മാനസികരോഗികളാവുന്നതും നമുക്കു മുന്നിലെ കാഴ്ചകളാണ്. ബോധവത്കരണശ്രമങ്ങളും വിജ്ഞാനസമ്പാദന സാധ്യതകളും ഉണ്ടായിട്ടും ഇത്തരം വിശ്വാസങ്ങൾക്ക് ഒരു കുറവുമില്ല. വിദ്യാഭ്യാസമുള്ളവരും ഉന്നതജോലിക്കാരും ഇത്തരം വിശ്വാസങ്ങളിൽ നിന്ന് മുക്തരല്ല. വീട്ടിൽവയ്ക്കുന്ന സാധനങ്ങളോ കിടപ്പുമുറിയുടെ സ്ഥാനമോ ഒക്കെ ദാമ്പത്യത്തെ സ്വാധീനിക്കും എന്നു കേൾക്കുമ്പോൾ ആ വലയിൽ കുരുങ്ങി സമ്പാദ്യവും ജീവിതവും ഹോമിക്കുന്നവരാണ് നമുക്ക് ചുറ്റും.

ചിന്താശേഷിയും വിവേചനബുദ്ധിയും ദൈവം മനുഷ്യന് നൽകിയത് ലോകത്തെ കൺതുറന്ന് കണ്ട് സ്വന്തം അസ്തിത്വവും വ്യക്തിത്വവും രൂപപ്പെടുത്താനാണ്. എന്നാൽ അതിനുമപ്പുറം അദൃശ്യശക്തികൾക്ക് തങ്ങളുടെ ജീവിതത്തിൽ സ്വാധീനം ചെലുത്താൻ കഴിയുമെന്ന മൂഢവിശ്വാസികൾക്ക് എങ്ങനെ സ്വസ്ഥമായും സമാധാനമായും ജീവിക്കാൻ കഴിയും?

കേരളത്തിലെ എത്രയോ പ്രവാസി കുടുംബങ്ങളിലെ ഭർത്താക്കന്മാർ മണലാരണ്യത്തിൽ കഷ്ടപ്പെട്ട് അയക്കുന്ന തുക ഇത്തരം വ്യാജന്മാരുടെ കീശ വീർപ്പിക്കുകയാണ്. ദാമ്പത്യത്തിലെ പ്രശ്നങ്ങളാണ് പലപ്പോഴും ഇത്തരം അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും വളമായിത്തീരുന്നത്. സാമ്പത്തികാഭിവൃദ്ധിക്ക് ഏലസുകളും തകിടുകളും വാങ്ങാനായി ആയിരങ്ങൾ മുടക്കുന്നവരും ഭർത്താവിന് തന്നോട് ഇഷ്ടം കൂടുവാനായി ആഭിചാരക്രിയകൾ ചെയ്യുന്നവരും തങ്ങൾ കാണിക്കുന്ന വിവരക്കേടിനെകുറിച്ച് അറിയാതെ പോകുന്നു.

സ്നേഹത്തിനും വിശ്വാസത്തിനും പരിഗണനക്കും നൽകാൻ കഴിയുന്ന സംതൃപ്തിയും സമാധാനവും ഒരു അനാചാരം കൊണ്ടും ആഭിചാരം കൊണ്ടും നേടാനാവില്ല. ദൈവിക ബോധമാകണം നമ്മുടെ ബന്ധങ്ങളുടെ അടിത്തറ. അവന്റെ നിയമങ്ങളാകണം നമ്മുടെ ജീവിതത്തിന്റെ വഴികാട്ടി. എങ്കിലേ ഇണയും തുണയുമായി പരസ്പരം വസ്ത്രമായി സുന്ദരമായി ഈ ലോകത്തു കഴിയാൻ ദമ്പതിമാർക്ക് സാധിക്കുകയുള്ളൂ.

പിരിയാനായ് ഒന്നിക്കാതിരിക്കാം

